മിസ്റ്റർ കെ. പി. വള്ളോൻ : ഗവൺമെണ്ടു് കാര്യമായി ഇതിനു വേണ്ടതു ചെയ്യാമെന്നു പറഞ്ഞതുകൊണ്ടു് ഞാൻ ഇതിനെ പിൻവലിക്കുന്നു.

The resolution was, by leave, withdrawn.

18. Introduction of Savings Bank system in the Anchal Department.

Mr. C. K. S. Moni (*Nominated*): *"This Council recommends to the Government to introduce Savings Bank system in the Cochin Anchal Department".* കൊച്ചിരാജ്യത്തു് അഞ്ചലാപ്പീസുകളിൽ സേവിങ്ങ്സ് ബാങ്കു് സിസ്റ്റം ഏർപ്പെടുത്തണമെന്നുള്ളതാണു് എന്റെ പ്രമേയം. ഈ പ്രമേയം ഈ സഭയുടെ ആലോചനക്കു കൊണ്ടുവരുവാൻ എന്നെ പ്രേരിപ്പിച്ചതു് മൂന്നു പ്രധാന കാര്യങ്ങളാണു്. ഒന്നാമതായി ദൈനംദിനം ഇവിടെ കേട്ടുകൊണ്ടിരിക്കുന്ന ബാങ്കു് പൊളിയൽ. ജീവിതകാലമത്രയും വളരെ ക്ലേശിച്ചു നിത്യജീവിതത്തോടു മല്ലിട്ടു് ബുദ്ധിമുട്ടി എന്തെങ്കിലും നിസ്സാരമായ സംഖ്യ മിച്ചമുണ്ടാക്കിയതിനുശേഷം ചില ബാങ്കുകളിലെ ഡയറക്ടർമാരുടെ വലിയ വലിയ പേരുകൾ കണ്ടും, ആ ബാങ്കുകളുടെ ബ്രാഞ്ചുകളുടെ വിപുലമായ ലിസ്റ്റു് കണ്ടും തങ്ങളുടെ പണം പ്രസ്തുത ബാങ്കുകളിൽ സുരക്ഷിതമാണോ എന്നറിയാതെ നിക്ഷേപിക്കുകയാണു പതിവു്. നല്ല ബാങ്കു് ഏതാണെന്നറിയാതെ പല ബാങ്കുകളിലും പലരും ഡെപ്പോസിറ്റു ചെയ്യുകയും കുറേനാൾ കഴിഞ്ഞു് അത്യാവശ്യമായി പണം ആവശ്യപ്പെട്ട ചെല്ലുമ്പോൾ തല്ക്കാലം ബാങ്കിൽ പണമില്ലെന്നും ഒന്നോ രണ്ടോ മാസം കഴിഞ്ഞാൽ പണം തരാമെന്നുമാണു് അവർ പറയുന്ന സമാധാനം. പിന്നീടു് ഒന്നോ രണ്ടോ മാസം കഴിഞ്ഞാൽ ബാങ്കു് ലിക്വിഡേഷനായി എന്നും കേൾക്കും. എനിക്കു അനുഭവപ്പെട്ടിട്ടുള്ള ഒരു സംഗതി ഞാൻ ഇവിടെ പറയാം. തിരുവനന്തപുരം സെൻറ് തോമസ്സ് കോളേജിൽ പഠിയ്ക്കുന്ന ഒരു വിദ്യാർത്ഥി അയാളുടെ വിദ്യാഭ്യാസത്തിനു വേണ്ടിവരുന്ന സംഖ്യ ഒന്നായിട്ടു ട്രാവൻകൂർ നാഷനൽ ബാങ്കിൽ ഡെപ്പോസിറ്റുചെയ്തിരുന്നു. ബാങ്കു പൊളിയുന്നതിനു മുമ്പായി ബാങ്കുകാരോടു ചെന്നു "എനിയ്ക്കു വിദ്യാഭ്യാസത്തിനുള്ള പണമാണു്, നിവൃത്തിയുണ്ടെങ്കിൽ മടക്കിത്തരണം" എന്നു് അയാൾ പറഞ്ഞു. പക്ഷെ അയാൾക്കു ഒരു സംഖ്യയും തിരിച്ചുകിട്ടിയില്ല. അതുകാരണം അയാളുടെ വിദ്യാഭ്യാസം തന്നെ നിന്നുപോവുന്നു. അയാളുടെ വിദ്യാഭ്യാസത്തിനു നിക്ഷേപിച്ചിട്ടുള്ള സംഖ്യ ആ വിദ്യാർത്ഥിയെക്കൊണ്ടു്, ഭാവിയിൽ ഒരു വലിയ കുടുംബം പുലർത്താമെന്നുദ്ദേശിച്ചു അയാളുടെ കാരണവന്മാർ അയാൾക്കുവേണ്ടി സമ്പാദിച്ചുകൊടുത്തിട്ടുള്ളതായിരിക്കും. പക്ഷെ അതൊന്നും സാധിക്കാതെ അയാൾക്കു വിദ്യാഭ്യാസം അതോടുകൂടി അവസാനിപ്പിക്കേണ്ടതായിവന്നു. അതുകൊണ്ടു് നമ്മുടെ ഗവൺമെണ്ടു് അഞ്ചലാപ്പീസുകളിൽ സേവിങ്ങ്സ് ബാങ്കു് സിസ്റ്റം ഏർപ്പെടുത്തുന്നപക്ഷം ആളുകൾക്കു് ഇതേമാതിരിയുള്ള നഷ്ടങ്ങളിൽ നിന്നും രക്ഷ പ്രാപിക്കുവാൻ കഴിയുന്നതാണു്. നല്ല രീതിയിൽ നടന്നുവരുന്ന വലിയ ബാങ്കുകൾ ധാരാളമുണ്ടു്. ഞാൻ ഈ പ്രസ്താവന ചെയ്യുന്നതുകൊണ്ടു് ബാങ്കുകാരെ ആക്ഷേപിക്കുകയാണെന്നു ബാങ്കധികൃതന്മാർ എന്നെ തെറ്റിദ്ധരിക്കരുതെന്നു അപേക്ഷിച്ചുകൊള്ളുന്നു. എല്ലാസ്ഥലത്തും നല്ല ബാങ്കുകളുടെ ബ്രാഞ്ചുകൾ ഉണ്ടായി എന്നുവരില്ല. തന്നെയല്ലാ നല്ല ബാങ്കുകൾ ഏതെല്ലാമാണെന്നു് അന്വേഷിച്ചറിയുവാനും സാമാന്യ ജനങ്ങൾക്കു് സാദ്ധ്യമായിരിക്കയില്ല. ഗവൺമെണ്ടിനാണെങ്കിൽ ഈ സിസ്റ്റം നടപ്പിലാക്കുന്നതുകൊണ്ടു് ഒരു നഷ്ടവും വരാനില്ല. നേരെ മറിച്ചു ഗവൺമെണ്ടിനു് അതു വളരെ ആദാ

LIBRARY ARCHIVES Kerala Legislative Assembly

യകരമായ ഒരേർപ്പാടായിരിക്കും. അഞ്ചോ ആറോ ലക്ഷം ഉറുപ്പിക ആവശ്യം വന്നാൽ അതിന്നു പ്രത്യേകിച്ചു ഒരു ലോൺ ഏർപ്പെടുത്താതെതന്നെ ഏതവസരത്തിലും ഗവർമ്മെണ്ടിനു് അതു നിയന്ത്രണാധീനമായിരിക്കുന്നതാണു്. ഡെപ്പോസിറ്റു ചെയ്യുന്ന സംഖ്യക്കു ഒരു നിസ്സാരമായ പലിശ കൊടുത്താൽ മതിയാകുന്നതാണു്. അതുകൊണ്ടു് ഗവർമ്മെണ്ടു് ഈ കാര്യത്തിൽ എതുക്കുമെന്ന വിശ്വാസം എനിക്കില്ലാ. അവസാനമായി പറയുവാനുള്ളതു് ഏറ്റവും പ്രധാനമായ ഒരു സംഗതിയാണു്. അതായതു് ഈ സേവിങ്ങ്സു് ബാങ്കു് സിസ്റ്റം ഏർപ്പെടുത്തി നിസ്സാരമായ സംഖ്യ ഡെപ്പോസിറ്റു ചെയ്യുവാൻ സൌകര്യം കൊടുക്കുന്നതായാൽ സാധുക്കളായ തൊഴിലാളികൾക്കു് അവരുടെ കൂലിയിൽനിന്നും ഏതെങ്കിലും ഒരു സംഖ്യ സേവിങ്ങ്സു് ബാങ്കിൽ നിക്ഷേപിക്കുവാൻ സാധിക്കുന്നതായിരിക്കും. അങ്ങിനെ വരുമ്പോൾ സാമാന്യ ജനങ്ങൾക്കു് ഒരു സമ്പാദ്യ മനോഭാവം ഉണ്ടായിത്തീരുന്നതുമാണു്. ഈ വക കാര്യങ്ങൾ കൊണ്ടു് ഈ ഒരേർപ്പാടു് സ്വീകരിക്കുന്നതിന്നു ഗവർമ്മെണ്ടു് എതുക്കുകയില്ലെന്നുള്ള വിശ്വാസത്തോടും എല്ലാ അനുഭാവസ്ഥ മെമ്പർമാരും ഈ പ്രമേയത്തെ അനുകൂലിച്ചു പാസ്സാക്കണമെന്നുമുള്ള അപേക്ഷയോടും കൂടി ഞാൻ ഈ പ്രമേയത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ സി. വി. ഇയ്യു: മിസ്റ്റർ പ്രസിഡെണ്ടു് സർ, മിസ്റ്റർ മണിയുടെ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഞാൻതന്നെ ഈ വിഷയത്തെക്കുറിച്ചു ഒരു പ്രമേയം അയച്ചിട്ടുണ്ടു്. അതു് ഫുൾ-ാംനമ്പ്രാണു്. എനിക്കു പറയാനുള്ളതു് ഇപ്പോൾതന്നെ പറഞ്ഞേക്കാം. ബഹുമാനപ്പെട്ട ചിറയർ റവർ മെമ്പർ മിസ്റ്റർ ഈച്ചരമേനവനും ഇതേ വിഷയത്തെക്കുറിച്ചുതന്നെ ഒരു പ്രമേയം അയച്ചിട്ടുള്ളതായി കാണുന്നു. മുന്നു മെമ്പർമാർ ഈ ഒരൊറ്റ വിഷയത്തെ പുരസ്കരിച്ചു് പ്രമേയങ്ങൾ അയച്ചിട്ടുള്ളതുകൊണ്ടു് തന്നെ ഈ കാര്യത്തിന്റെ പ്രാധാന്യം ഗവർമ്മെണ്ടിനു് മനസ്സിലാക്കാൻ സാധിക്കും.

തിരുവിതാംകൂർ നാഷണൽ ആൻഡു് കയിലോൺ ബാങ്കു് പൊളിയലിന്നുശേഷം ബ്രിട്ടീഷു് ഗവർമ്മെണ്ടു് നടത്തിവരുന്ന പോസ്റ്റാപ്പീസ്സിൽ ധാരാളം പണം ആളുകൾ നിക്ഷേപിച്ചുവരുന്നു. എന്റെ നിയോജകമണ്ഡലമായ കുന്നംകുളത്തെ പോസ്റ്റാപ്പീസ്സിൽ ഈ ബാങ്കു പൊളിയലിന്നു ശേഷം അവിടെയുള്ള നാട്ടുകാരുടെ ബാങ്കുകളിൽനിന്നെല്ലാം പണം പിൻവലിച്ചു് പോസ്റ്റാപ്പീസ്സു് സേവിങ്ങ്സു് ബാങ്കിൽ നിക്ഷേപിക്കുകയാണു് നാട്ടുകാർ ചെയ്യുന്നതു്. ഏകദേശം ഇരുപത്തയ്യായിരത്തിൽപരം രൂപാ അവിടെതന്നെ ജനങ്ങൾ പുതുതായി നിക്ഷേപിച്ചിട്ടുണ്ടു്. ഈ അടുത്തകാലത്തു് പോസ്റ്റൽ ഡിപ്പാർട്ടുമെണ്ടുകാർ പലിശ നിരക്കു വളരെ കുറച്ചതായി ഗവർമ്മെണ്ടിനു് അറിയാമല്ലൊ. അഞ്ചലാപ്പീസ്സിൽ ഈ സിസ്റ്റം നടപ്പിൽ വരുത്തിയാൽ ആ പണം കൊണ്ടു് ആദായമുണ്ടാകത്തക്കവിധത്തിൽ പലതും ഗവർമ്മെണ്ടിനു് ചെയ്യുവാൻ സാധിക്കും. തിരുവിതാംകൂറിൽ ഈ സേവിങ്ങ്സു് ബാങ്കു് സിസ്റ്റം നടപ്പിൽ വന്നിട്ടു് വളരെ കാലമായി. കൊച്ചി രാജ്യത്തുനിന്നു നമ്മുടെ നാട്ടുകാർ പലരും തിരുവിതാംകൂർ അഞ്ചലാപ്പീസ്സു് സേവിങ്ങ്സു് ബാങ്കിൽ ഡെപ്പോസിറ്റു ചെയ്യുവരുന്നതായിട്ടും അറിയാം. ഇതുകൊണ്ടു് ഗവർമ്മെണ്ടിനു് ആദായവും സാധുക്കൾക്കും ധനവാന്മാർക്കും പണം നിക്ഷേപിക്കുവാൻ കൂടുതൽ സൌകര്യവും കിട്ടുന്നതുകൊണ്ടും, അവരിൽ സമ്പാദ്യ മനോഭാവം ഉണ്ടാകുവാൻ ഇടയുള്ളതുകൊണ്ടും ഇതു ഏർപ്പെടുത്തേണ്ടതു് ഗവർമ്മെണ്ടിന്റെ കടമയും അങ്ങിനെ ചെയ്യുന്നതു് വളരെ ബുദ്ധിപൂർവ്വകമായ കാര്യവുമാണെന്നുമാണു് എനിക്കു ഗവർമ്മെണ്ടിനെ ഉൽബോധിപ്പിക്കുവാനുള്ളതു്. പ്രത്യേകിച്ചു് നമ്മുടെ ഇപ്പോഴ

LIBRARY ARCHIVES Kerala Legislative Assembly

ത്തെ ദിവാൻജി അവർകൾ ഒരു ധനകാര്യ വിദഗ്ദ്ധനും ഇതിൽ കൂടുതൽ പരിചയമുള്ള ഒരാളുമായതുകൊണ്ട് ഇതിനെപ്പറ്റി ഒരു പദ്ധതി തയ്യാറാക്കുന്നതിൽ വളരെ സൌകര്യവുമുണ്ട്. അതുകൊണ്ട് കഴിയുന്നതും വേഗം ഈ സേവിങ്സ് ബാങ്ക് സിസ്റ്റം നടപ്പിൽ വരുത്തണമെന്നപേക്ഷിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു.

മിസ്റ്റർ എ. ഈച്ചരമേനോൻ : സർ, ഞാനും ഇതേവിഷയത്തിൽ ഒരു റസല്യൂഷൻ അവതരിപ്പിച്ചിട്ടുണ്ട്. എന്റെ ദിക്കിലുള്ള ജനങ്ങളുടെ ബുദ്ധിമുട്ടുകണ്ടിട്ടാണ് ഞാൻ ഒരു പ്രമേയം അയക്കാൻ കാരണം. എന്റെ ദിക്കിൽ പറയത്തക്ക യാതൊരു ബാങ്കുകളും ഇപ്പോളില്ല. അവിടെയുണ്ടായിരുന്ന ബാങ്കുകൾ മിക്കതും പൊളിഞ്ഞുപോയി. സാധുക്കളുടെ കഷ്ടം ഇന്നവിധമാണെന്നു പറഞ്ഞറിയിക്കുവയ്യാ. ഒരു ഉദാഹരണം പറയാം. അവിടെ ഒരു വിധവക്കു ഒരു എരുമയും ൨൦൦ ക. യും ഉണ്ടായിരുന്നു. അതുകൊണ്ടാണ് അവർ ചിലവു കഴിച്ചുവന്നിരുന്നതു്. എങ്ങിനെയെന്നുവെച്ചാൽ ൨൦൦ ക. ബാങ്കിൽ പലിശക്കു കൊടുക്കും. ഒരു എരുമയെ വാങ്ങിച്ചു് അതിനെ രക്ഷിച്ചും അതിൽ നിന്നുള്ള ആദായംകൊണ്ടാണ് അവർ കഴിഞ്ഞിരുന്നതു്. എരുമയുടെ കറവ തീർന്നുകഴിഞ്ഞാൽ അതിനേയും ബാങ്കിൽനിന്നു കിട്ടുന്ന പലിശയും കൂടി കൊടുത്തു വേറൊരു എരുമയെ വാങ്ങിക്കും. ബാങ്കു പൊളിഞ്ഞതിൽ ആ വരവു് പോയി. കഴിയാൻ യാതൊരുമാർഗ്ഗവുമില്ല. അവക്കും ഒന്നുമില്ലാതായിട്ടുണ്ട്. എരുമയുടെ കറവയും തീർന്നുപോയി; വേറെ എരുമയെ മേടിക്കുവാൻ പണവുമില്ല. ഇങ്ങിനെ വളരെ ആളുകൾ കഷ്ടത്തിലായിട്ടുണ്ട്. ഇനി അവിടെ ഒരു ബാങ്കു വരികയാണെങ്കിൽ, ഇമ്പീരിയൽ ബാങ്കുതന്നെ അവിടെ സ്ഥാപിച്ചാലും ആദ്യം പണം കൊടുക്കയില്ലെന്നുള്ളതു് തീർച്ചയാണ്. സാധുക്കളുടെ കയ്യിൽ പണമിരുന്നാൽ ചിലവായിപോകും. അതുകൊണ്ടു് ഒരുപായമുണ്ടാക്കിയാൽ നാട്ടുകാക്കെല്ലാവർക്കും വളരെ ഗുണമുണ്ടായിരിക്കുന്നതാണ്. ഇതു് നടപ്പാക്കുന്നതിനു ഗവൺമെണ്ടിനു വളരെ ബുദ്ധിമുട്ടുണ്ടാകും; അഞ്ചലാപ്പീസ്സിലുള്ളവർ എല്ലാവരും ചെറിയ ശമ്പളക്കാരാണ് എന്നൊക്കെ പറയും. അങ്ങിനെയാണെങ്കിൽ ഗവൺമെണ്ടു് ഇങ്ങിനെയുള്ള ജോലിക്കാരോടു ജാമ്യം വാങ്ങിക്കണം. പോസ്റ്റാഫീസ്സുകാർ ജാമ്യം വാങ്ങിക്കുന്നുണ്ട്. അതുകൊണ്ടു് ഈ സേവിംഗ്സ് ബാങ്ക്സ് സിസ്റ്റം നമ്മുടെ അഞ്ചൽ ഡിപ്പാർട്ട്മെണ്ടിൽ കഴിയുന്നതും വേഗം നടപ്പാക്കണമെന്നു ഗവൺമെണ്ടിനോടു് അപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ : മിസ്റ്റർ പ്രസിഡണ്ടു്, സർ, ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. കൊച്ചി ഗവൺമെണ്ടു് ഫെഡറൽ ഘടനയിൽ ചേരേണ്ട വ്യവസ്ഥയെക്കുറിച്ചു പഠിച്ചു് അവസരത്തിൽ അഞ്ചൽ ഡിപ്പാർട്ട്മെണ്ടിനെ ഇന്നത്തെ രീതിയിൽ നടത്തിക്കൊണ്ടുപോകേണ്ട ഒരു വ്യവസ്ഥ ബ്രിട്ടീഷ് ഗവൺമെണ്ടു് അംഗീകരിക്കണമെന്നു നാം ആവശ്യപ്പെട്ടിട്ടുണ്ടെന്നാണ് ഞാൻ ഓർക്കുന്നതു്. അതുകൊണ്ടു് ഈ അഞ്ചൽ ഡിപ്പാർട്ട്മെണ്ടിനെ ഇതേരീതിയിൽതന്നെ നടത്തിക്കൊണ്ടുപോകണമെന്നു കൊച്ചി ഗവൺമെണ്ടിനു് ആഗ്രഹമുണ്ടെന്നു് ഇപ്രകാരം ഒരു വ്യവസ്ഥ ഫെഡറൽ പദ്ധതിയിൽ നിവേദിപ്പിച്ചതിൽനിന്നു വ്യക്തമാകുന്നുണ്ടു് ഇന്നത്തെ അഞ്ചൽ ഡിപ്പാർട്ട്മെണ്ടിനെ പരിഷ്കരിക്കുന്നതിനും ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ള പ്രകാരത്തിലുള്ള ഒരു പ്രമേയത്തിന്റെ സ്വീകരണം സർവ്വഥാ അനുയോജ്യമാണെന്നു ഇവിടെ ഇതിനെപ്പറ്റി പ്രസംഗിച്ച പല ബഹുമാനപ്പെട്ട മെമ്പർമാരും

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്താവിച്ചുകഴിഞ്ഞു. ഇതിനു് ശവ മ്മണ്ടു പക്ഷത്തുനിന്നും പറയുന്ന മറുപടി താഴെ പറയുന്ന വിധത്തിലാകുവാനേ തരമുള്ളു. കൊച്ചിയിലെ അഞ്ചൽ ഡിപ്പാർട്ട്മെണ്ടിലെ ഉദ്യോഗസ്ഥന്മാർ വളരെ ചുരുങ്ങിയ ശമ്പളക്കാരായതുകൊണ്ടു് അവരെക്കൊണ്ടു് ഈ വലിയ ചുമതല ഏറെറടുത്തു നടത്തിക്കുവാൻ പ്രയാസമാണു് എന്നായിരിക്കും ശവമ്മെണ്ടു് ഇതിനെ പ്രതിക്ഷേപിച്ചുകൊണ്ടു് പറയാൻപോകുന്ന സമാധാനം. പക്ഷെ എനിക്കു് അതിനു സമാധാനം പറയാനുള്ളതു് ഇതു് കൊച്ചിരാജ്യത്തിലെ പ്രധാനപ്പെട്ട ഏതെങ്കിലും സ്ഥലങ്ങളിൽ പരീക്ഷാർത്ഥമായിട്ടെങ്കിലും ഒന്നു നടത്തിനോക്കണമെന്നുള്ളതാണു്. പല പ്രധാനപ്പെട്ട ബാങ്കുകളും ഇപ്പോൾ അവയുടെ പ്രവർത്തനങ്ങൾ നിർത്തിവെച്ചതു് നാം അറിഞ്ഞിരിക്കുമല്ലോ. വലിയ ബാങ്കുകളെല്ലാം അധഃപതിച്ചിരിക്കുന്നു എന്നും ബാങ്കുകൾക്കെല്ലാം വലിയ കോളിളക്കം സംഭവിച്ചുകൊണ്ടിരിക്കുന്നുവെന്നും നാം ഇന്നും കേട്ടുകൊണ്ടിരിക്കുന്നു.

അതുകൊണ്ടു് ഈ അവസരത്തിൽ കൃഷിക്കാർക്കും സാധുക്കളായ തൊഴിലാളികൾക്കും ഒരു സഹായമാകുന്നതിനും അവരിൽ ഒരു സമ്പാദ്യമനോഭാവമുണ്ടാക്കി തീർക്കുന്നതിനും നമ്മുടെ അഞ്ചൽ ഡിപ്പാർട്ട്മെണ്ടിൽ ഒരു സേവിംഗ് ബാങ്കു് സിസ്റ്റം ഏർപ്പെടുത്തുന്നതു്—പരീക്ഷാർത്ഥം ഏതെങ്കിലും പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ഏർപ്പെടുത്തുന്നതു്—ആശാസ്യമായി തീരുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഇതിനെ അനുകൂലിക്കുന്നു.

മിസ്റ്റർ വി. ജെ. മത്തായി: ഞാനും ഈ പ്രമേയത്തെ അനുകൂലിക്കുന്നു. ഈ പ്രമേയത്തിൽ അടങ്ങിയിരിക്കുന്ന പ്രധാന തത്വത്തെക്കുറിച്ചു് പല ബഹുമാനപ്പെട്ട മെമ്പർമാരും പ്രസ്താവിച്ചിട്ടുള്ളതുകൊണ്ടു് അതിനെപ്പറ്റി ഇനിയും പറയുന്നതു് ചർവ്വിത ചർവ്വണമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. എങ്കിലും ഇതിന്റെ വിശദീകരണത്തിനുവേണ്ടി,—ഇതിന്റെ നാനാമുഖങ്ങളായ ഗുണഗണങ്ങളെ പൊതുജനങ്ങളുടെ ദൃഷ്ടിയിലും ശവമ്മെണ്ടിന്റെ ദൃഷ്ടിയിലും കൊണ്ടുവരുന്നതിനുമാത്രം രണ്ടുവാക്കു പറയാമെന്നു വിചാരിക്കുന്നു.

ഒന്നാമതായി പൊതുജനങ്ങളിൽ ഒരു നിക്ഷേപ മനോഭാവമുണ്ടാക്കുന്നതു് സുരക്ഷിതമായി നിക്ഷേപിക്കത്തക്ക സ്ഥാപനങ്ങൾ ഉണ്ടാക്കിയാണു് എന്നുള്ളതിനു സംശയമില്ല. രണ്ടാമതായി അങ്ങിനെയുള്ള സ്ഥാപനങ്ങൾ എല്ലായിടത്തും സ്ഥാപിച്ചിട്ടു പൊതുജനങ്ങൾക്കു് വിശ്വാസമുള്ളതാക്കി തീർക്കണം. അഞ്ചൽ സേവിംഗ്സ് ബാങ്കു് സ്ഥാപിക്കുന്നതോടുകൂടി അതിലെ ഗുണങ്ങൾ കൊച്ചി രാജ്യത്തിലെ എല്ലാവർക്കും കരഗതമാകത്തക്കവിധത്തിൽ, കൃഷിവലന്മാർ നിവസിക്കുന്ന ഗ്രാമങ്ങളിലും സ്ഥാപിച്ചു കൊടുക്കുന്നതായാൽ അവരും സാമ്പത്തികനിലയിൽ ഉയർന്നു വരുന്നതാണു്. ധനം ആർജ്ജിച്ചിട്ടുള്ള ബാങ്കുകൾ വലിയ വലിയ പട്ടണങ്ങളിലാണെന്നു കാണുമ്പോൾ ഈ ശവമ്മെണ്ടിനു പ്രത്യേകമായുള്ള ഒരു ചുമതല, ധനം സമ്പാദിച്ചിട്ട അതു സുരക്ഷിതമായി സൂക്ഷിക്കത്തക്ക നിലയിൽ കൃഷിവലന്മാരുടെ ഇടയിലും ആമാതിരിയുള്ള സ്ഥാപനങ്ങൾ ഉണ്ടാക്കുക എന്നുള്ളതാണു്. അതിനു പറഞ്ഞ ഒരു പദ്ധതി അഞ്ചൽ ഡിപ്പാർട്ട്മെൻറിൽ സേവിങ്ങ്സ് സിസ്റ്റം ഏർപ്പെടുത്തുകയാണു്. ഞാൻ ഒരിക്കൽകൂടി പറയുകയാണെങ്കിൽ സമ്പാദിക്കുക എന്ന ശീലം സിദ്ധിച്ചിട്ടില്ലാത്ത ആളുകൾക്കു് അവരുടെ സമ്പാദ്യം സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള സ്ഥാപനങ്ങൾ അവരവർ ആവശ്യപ്പെടുന്ന ദിക്കിൽ ഏർപ്പെടുത്തിച്ചു കൊടുക്കുന്നപക്ഷം അവർ എന്തെങ്കിലും സമ്പാദിക്കുമെന്നു എല്ലാവർക്കുമറിയാവുന്നതാണു്. അതുകൊണ്ടു് കൃഷിവലന്മാരുടെ ഇടയിൽ ഈ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങിനെയുള്ള സ്ഥാപനങ്ങൾ ഉണ്ടാക്കേണ്ടതു ഏറ്റവും അത്യാവശ്യമായിട്ടുള്ളതാണ്. ഈ ഒരു പ്രധാന സംഗതി കൂടി ഞാൻ ഇതിനെ പിൻതാങ്ങുന്നു.

മിസ്റ്റർ മണി പറഞ്ഞതുപോലെ ഗവൺമെൻറിനു നഷ്ടമുള്ള ഒരുസംഗതിയല്ല ഇതു്. ഗവൺമെൻറിനു് വളരെ ആദായകരമായ ഒരു സംഗതിയാണു്. അഞ്ചൽ സേവിംഗ്സ് ബാങ്കിൽ വരുന്ന പണത്തിനു ഒരു നിസ്സാരമായ പലിശയെ കൊടുക്കേണ്ടിവരികയുള്ളു. ഈ പണം കിട്ടിയാൽ അതു് എടുത്തു ഫലപ്രദമായ രീതിയിൽ ഉപയോഗപ്പെടുത്തി അതിൽനിന്നു ആദായമുണ്ടാക്കാം. ഇങ്ങിനെനോക്കിയാൽ പലവഴിക്കും ഗവൺമെൻറിനു ആദായം ഉണ്ടാക്കാൻ സാധിക്കും. ഈ വസ്തുതകൾ എല്ലാം ആലോചിച്ചു നോക്കുമ്പോൾ തീർച്ചയായും ഈ പ്രമേയത്തെ സ്വീകരിച്ചാൽ ഈ രാജ്യത്തു് ഒട്ടുക്കു ക്ഷേമം പ്രദാനംചെയ്യുവാൻ സാധിക്കും എന്നു കാണാവുന്നതാണു്. അതുകൊണ്ടു ഈ നിയമനടപടിയെ മറ്റൊറു ശബ്ദത്തോടുകൂടി ഇതു പാസ്സാക്കുമെന്നും ആയതു ഗവൺമെണ്ടും അംഗീകരിക്കുമെന്നുമുള്ള വിശ്വാസത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ: മിസ്റ്റർ പ്രസിഡണ്ടു് സർ, മറ്റു സംസ്ഥാനങ്ങളെ ഉദ്ദേശിച്ചു ബ്രിട്ടീഷിന്ത്യയെക്കാളും ഒട്ടുംതന്നെ താണസ്ഥിതിയിൽ അല്ലാത്ത കൊച്ചിരാജ്യത്തു ഇതുവരെ അഞ്ചൽഡിപ്പാർട്ട്മെൻറിൽ സേവിങ്ങ്സ് ബാങ്ക് ഏർപ്പാടു് നടത്താത്ത സംഗതി എന്താണെന്നു് ആലോചിച്ചു് ഞാൻ അത്ഭുതപ്പെടാറുണ്ടായിരുന്നു. പ്രത്യേകിച്ചു് ഈ സന്ദർഭത്തിൽ ബ്രിട്ടീഷിന്ത്യയിലും മറ്റു സ്ഥലങ്ങളിലും പല ബ്രാഞ്ചുകളോടുകൂടി പ്രശസ്തമായി നടന്നുവന്നിരുന്ന ചില ബാങ്കുകൾ പൊളിഞ്ഞതുകാരണം ജനങ്ങളുടെ ഇടയിൽ ബാങ്കിൽ പണം സൂക്ഷിക്കുവാൻ തീരെ വിശ്വാസം ഇല്ലാതായിട്ടുണ്ടു്. ആ നിലക്കു് കൊച്ചി രാജ്യത്തിൻറെ ബലമായ സാമ്പത്തിക നിലഅനുസരിച്ചു് അഞ്ചൽ ഡിപ്പാർട്ട്മെൻറുകളിൽ സേവിങ്ങ്സ് ബാങ്ക് ഏർപ്പാടുചെയ്യുന്നതായാൽ നിശ്ചയമായും രാജ്യത്തുള്ള പല പ്രജകളും ഇതിൽ പണമിടുന്നതും തൻമൂലം അവർക്കു വളരെ ധനമുണ്ടാകുമെന്നുള്ളതും നിസ്സംശയമായ സംഗതിയാണു്. ഈ സംഗതിയെ സംബന്ധിച്ചേടത്തോളം അന്യോദ്യോഗസ്ഥപക്ഷത്തുനിന്നും സാധാരണ കൊണ്ടുവരുന്ന പ്രമേയങ്ങൾക്കു ഗവൺമെൻറിൽനിന്നും കൊണ്ടുവരാവുള്ള തടസ്ഥം ഉണ്ടാകുവാനും തീരെ ഇടയില്ല. എന്തുകൊണ്ടെന്നാൽ അന്യോദ്യോഗസ്ഥരോത്തുനിന്നും ഗവൺമെൻറിലേക്കനുകൂലമായിട്ടുള്ള കാര്യമാണു് ഈ പ്രമേയംകൊണ്ടു ചെയ്യണമെന്നാവശ്യപ്പെട്ടിട്ടുള്ളതു്, ഒരുപക്ഷെ ഗവൺമെൻറു കൊണ്ടുവരാവുന്ന ഒരു എതിരു അഞ്ചൽമാസ്റ്റർമാർ സാധാരണമായി വളരെ ചുരുങ്ങിയ ശമ്പളക്കാരാണു് എന്നുള്ളതാണു്. ബ്രിട്ടീഷിന്ത്യയിലുള്ള പോസ്റ്റ് മാസ്റ്റർമാർക്കും കുറഞ്ഞ ശമ്പളമെ കിട്ടുന്നുള്ളു. ശമ്പളം കുറവായതുകൊണ്ടു അവരെ ഈ കാര്യത്തിൽ വിശ്വാസമില്ലെങ്കിൽ അവരോടു് കമ്മീഷ്വാങ്ങിച്ചാൽ മതിയാകുന്നതാണു്. ഗവൺമെൻറു് വിചാരിച്ചാൽ ഇതു എളുപ്പത്തിൽ സാധിക്കാവുന്നതായ ഒരു കാര്യമാണു്. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

Mr. M. L. Joseph (*Latin Christians-Cranganur*): Sir, In rising to support this motion it is my object to drive away from the minds of some of my hon'ble friends who are under some genuine misapprehension with regard to investing the moneys in our Anchal Department. They believe that if some political

LIBRARY ARCHIVES Kerala Legislative Assembly

crisis were to arise, as is now obtaining in Travancore, they may be deprived of all their earnings. What is obtaining in Travancore, as I understand. ....

Mr. Deputy President: You need not go into the political situation in Travancore.

Mr. M. L. Joseph (*Latin Christians-Cranganur*): I am only going to say what is obtaining in Travancore with regard to the investments of people in the Anchal Department.

In Travancore what is obtaining to-day is, that if any one who has invested money in the Anchal offices wants to draw, he has to put in a petition to the authorities concerned stating their reasons for such withdrawal. He has to explain the necessity for drawing the money and if the authorities are pleased to find that he is really in need of money they will sanction payment. Even if that sanction is obtained he will not be given the amount in a lump, but will be given only in instalments.

Mr. T. V. Subramania Ayyar (*Nemmara*): On a point of order, Sir. Is it not casting reflection on the administration of an adjoining State?

Mr. M. L. Joseph (*Latin Christians-Cranganur*): It is not casting a reflection, it is telling a fact.

Mr. Deputy President: Anyhow whether we are casting reflection or not we are not concerned with that question.

Mr. M. L. Joseph (*Latin Christians-Cranganur*): Yes. That is what I say. My friends here need not be under a misapprehension that any such difficulty is going to arise in our State, and also looking to the constitutional developments we are obtaining to-day, I am sure, such a contingency will never arise in Cochin.

Mr. Deputy President: You may speak with regard to the motion. You need not any more refer to the system of Anchal Savings Bank obtaining in Travancore. I believe you understand what I mean.

Mr. M. K. Devassy (*Adur*): Is it a ruling that he cannot refer to a neighbouring State?

Mr. Deputy President: No. I am not giving a ruling. The present occasion does not call for any general ruling. Hypothetical questions need not be raised for a ruling. As occasions arise they will be considered.

LIBRARY ARCHIVES Kerala Legislative Assembly

Mr. M. L. Joseph (*Latin Christians-Cranganur*) : Now that I am restrained from exposing even facts as they are obtaining in other States, I shall confine myself to Cochin. What I have to say in short is this. My friends need not be under any misapprehension with regard to investing their funds in our Anchal Department. So long as we have every reason to hope that Cochin is a progressive State and it is day by day advancing in civilization and in its administration, and that our Gracious Highness is anxiously longing to grant even full responsible Government to his subjects, we can be fully confident of the continuity of the prevaling peaceful atmosphere in Cochin and therefore of the safety of our deposits in our Anchal Department. It is with this confidence in our own Government that I strongly support this motion.

Mr. P. J. George (*Joint Secretary to Government*) : As regards the usefulness of the Savings Bank in the Anchal Department I don't want to have an elaborate discussion, because everybody knows that Government also get money at lower rate of interest. On previous occasions this was not allowed on financial grounds. As you have already referred the Government will have to make some financial commitments i. e., to strengthen the staff also in several of the Anchal offices. In fact in the case of the Anchal staff now existing of course their pay will have to be enhanced to some extent, because larger amounts of security will have to be furnished by them. These are all points to be considered. It was on these grounds that the Government had to put off this scheme.

Mr. V. J. Mathai (*Planters*) : Sir, on a point of information, may I know, whether the Anchal Offices will not accept money orders for Rs. 10,000?

Mr. P. J. George (*Joint Secretary to Government*) : I may refer the hon'ble member to the Anchal Rules.

Mr. K. P. Kannan Nayar (*Secretary to Government*) : I think there is a maximum fixed.

Mr. P. J. George (*Joint Secretary to Government*): I think this resolution has resulted from the recent bank crisis. Of course that is one of the main grounds for the Government to take this matter into serious consideration. I may assure the House that the Government will take this matter into serious consideration.

Mr. V. J. Mathai (*Planters*) : On another point of information, Sir, may I know whether the Anchal office will not accept 10 or 12 money orders of Rs. 500 each on the same day?

LIBRARY ARCHIVES Kerala Legislative Assembly

Mr. P. J. George (*Joint Secretary to Government*): All impossibilities you are imagining.

Mr. Deputy President: Please don't advance arguments in the form of questions.

Mr. V. J. Mathai (*Planters*): Another simple question.

Mr. P. J. George (*Joint Secretary to Government*): This is not the question time.

Mr. V. J. Mathai (*Planters*): Only a simple question to elicit information on this. What exactly does the hon'ble member mean by financial commitments?

Mr. P. J. George (*Joint Secretary to Government*): I have already explained what it is. We have to strengthen the staff. We will also have to enhance the pay because we have to put additional burden on the staff and they have also to furnish more security. Then there is the question of investing the money, etc. Large amounts may come in. These amounts will have to be invested at higher rates of interest. These also will have to be considered.

Mr. T. V. Subramania Ayyar (*Nemmara*): Why on higher rates of interest?

Mr. P. J. George (*Joint Secretary to Government*): On matters of this kind the public naturally expect the Government to make a margin of profit.

മിസ്റ്റർ സി. കെ. എസ്സ്. മണി: സർ, ഇതുകൊണ്ട് ഗവൺമെണ്ടിനു് ചിലവുവരും എന്നു പറയുന്നതിനോടു് പൂർണ്ണമായി സമ്മതിക്കുവാൻ ഞാൻ വിചാരിക്കുന്നില്ല. ഇതിൽ പ്രധാനമായി ഗവൺമെണ്ടു പറയുന്ന ന്യായം സെക്യൂരിട്ടി വാങ്ങേണ്ടിവരുമെന്നുള്ളതാണു്. അന്നന്നു ഓരോ അഞ്ചലാപ്പീസ്സിലും വരുന്ന ഡെപ്പോസിറ്റു സംഖ്യ ദിവസവും താലൂക്കാപ്പീസ്സിലേക്കയക്കാവുന്നതും താലൂക്കാപ്പീസ്സിൽനിന്നു് ട്രഷറിയിലേക്കടയ്ക്കാവുന്നതുമാണു്. സംഖ്യ 'വിത്ഡ്രൊ' ചെയ്യുന്നതിനു രണ്ടോ മൂന്നോ ദിവസത്തിനുമുമ്പു് അപേക്ഷിക്കണം എന്നു വ്യവസ്ഥവെച്ചാൽ ആ ബുദ്ധിമുട്ടും തീരുന്നതാണു്.

മിസ്റ്റർ എ. ഈച്ചരമേനോൻ: പോസ്റ്റാപ്പീസ്സിലും അങ്ങിനെതന്നെയാണു്.

മിസ്റ്റർ സി. കെ. എസ്സ്. മണി: ഗവൺമെണ്ടു് ഇതു് നടപ്പിൽ വരുത്തുന്നതിനെപ്പറ്റി ആലോചിക്കാമെന്നു പറഞ്ഞതുകൊണ്ടു് ബഹുമാനപ്പെട്ട ഈ സഭയുടെ അനുവാദത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ പിൻവലിച്ചുകൊള്ളുന്നു.

The resolution was, by leave, withdrawn.

LIBRARY ARCHIVES Kerala Legislative Assembly